File No.LSGD-DD3/46/2020-LSGD

"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നാഷണൽ റർബൻ മിഷൻ - ഫേസ്-1 ൽ ഉൾപ്പെടുന്ന റർബൻ ക്ലസ്റ്ററുകളുടെ സ്പേഷ്യൽ പ്ലാൻ തയ്യാറാക്കി നൽകുന്നതിന് 'കില' യിൽ പ്രവർത്തിക്കുന്ന CGARD-യുടെ സേവനം ഉപയോഗപ്പെടുത്തുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

**തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്**

G.O.(Rt)No.891/2020/LSGD തീയതി,തിരുവനന്തപുരം, 15/05/2020

പരാമർശം: 1. 22.09.2017-ലെ നാഷണൽ റർബൻ മിഷൻ SLEC യോഗത്തിലെ 4-ാം നമ്പർ തീരുമാനം.

2. സ.ഉ.(കൈ) നം.142/2019/ത.സ്വ.ഭ.വ തീയതി 07.11.2019.

3. ഗ്രാമവികസന കമ്മീഷണറുടെ 30.01.2020-ലെ 15443/ആർ.ഐ.4/16/സി.ആർ.ഡി നമ്പർ കത്ത്.

**ഉത്തരവ്**

നാഷണൽ റർബൻ മിഷൻ (NRuM) പദ്ധതിയിൽ സംസ്ഥാനത്ത് 3 ഫേസുകളിലായി തെരഞ്ഞെടുക്കപ്പെട്ട 12 ക്ലസ്റ്ററുകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ചീഫ് ടൗൺ പ്ലാനർ, എം.ആർക്ക്/എം.പ്ലാനിംഗ് കോഴ്സുകൾ ഉള്ള എഞ്ചിനീയറിംഗ് കോളേജുകളിലെ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾ എന്നിവരെ യഥാക്രമം പരാമർശം (1), (2) പ്രകാരം ചുമതലപ്പെടുത്തിയിരുന്നു.

2) ഫേസ്-1 ക്ലസ്റ്ററുകളുടെ മൂന്നാം ഗഡു കേന്ദ്രവിഹിതം അനുവദിക്കുന്നതിലേക്ക് മാസ്റ്റർ പ്ലാനിനു പകരം ഡ്രാഫ്റ്റ് സ്പേഷ്യൽ പ്ലാൻ അടിയന്തിരമായി തയ്യാറാക്കി നൽകണമെന്ന കേന്ദ്രസർക്കാർ നിർദേശിച്ച സാഹചര്യത്തിൽ ഫേസ്-1 ൽ ഉൾപ്പെടുന്ന 4 റർബൻ ക്ലസ്റ്ററുകളുടെ സ്പേഷ്യൽ പ്ലാൻ തയ്യാറാക്കി വളരെ അടിയന്തിരമായി ലഭ്യമാക്കി നൽകുന്നതിന് 'കില' യിൽ NIRD-യുടെ സാങ്കേതിക സഹായത്തോടെ പ്രവർത്തിക്കുന്ന CGARD-ന്റെ സേവനം ഉപയോഗപ്പെടുത്തുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്ന് സൂചന (3) പ്രകാരം ഗ്രാമവികസന കമ്മീഷണർ ശുപാർശ സമർപ്പിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്ത് നാഷണൽ റർബൻ മിഷൻ പദ്ധതിയുടെ ഫേസ്-1 ൽ ഉൾപ്പെടുന്ന 4 റർബൻ ക്ലസ്റ്ററുകളുടെ സ്പേഷ്യൽ പ്ലാൻ തയാറാക്കുന്നതിനായി 'കില' യിൽ NIRD-യുടെ സാങ്കേതിക സഹായത്തോടെ പ്രവർത്തിക്കുന്ന CGARD-ന്റെ സേവനം ഉപയോഗപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
HARILAL.T.N.
UNDER SECRETARY

പകർപ്പ്: ഗ്രാമവികസന കമ്മീഷണർ, ഗ്രാമവികസന കമ്മീഷണറേറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ

Signature valid
Digitally signed by NISAM N
Date: 2020.05.15 14:13:31 IST
Reason: Approved